# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 131 | 30.11.2015-ലെ മറുപടിയ്ക്ക് |
|---|---|

### പെട്രോൾ-ഡീസൽ വിലയോടൊപ്പമുള്ള അധിക സെസ്

| | ചോദ്യം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | പെട്രോൾ-ഡീസൽ വിലയോടൊപ്പം സംസ്ഥാന സർക്കാർ ഏതെല്ലാം ഇനത്തിൽ എത്ര ശതമാനം തുക സംസ്ഥാനത്ത് ഈടാക്കി വരുന്നുണ്ട്; വിശദമാക്കാമോ; | (എ) | പെട്രോൾ-ഡീസൽ എന്നിവയുടെ മേൽ 31.80%, 24.52% യഥാക്രമം വില്പന നികുതി ചുമത്തി വരുന്നു. കൂടാതെ വില്പന നികുതിയിന്മേൽ 1% സോഷ്യൽ സെക്യൂരിറ്റി സെസ്സും, 01/04/2015 മുതൽ ലിറ്ററിന് 1/- രൂപ നിരക്കിൽ അധിക വില്പന നികുതിയും ചുമത്തി വരുന്നു. |
| (ബി) | റോഡ്/ഹൌസിംഗ്/സൌജന്യ മരുന്ന് വിതരണം തുടങ്ങി ഏതെല്ലാം പദ്ധതികൾക്ക് വേണ്ടിയാണ് അധിക സെസ്, പെട്രോൾ-ഡീസൽ ഉപഭോക്താക്കളിൽ നിന്നും ഈടാക്കാൻ ഈ സർക്കാർ തീരുമാനിച്ചത്; ഏത് തീയതി മുതലാണ് ഈ സെസുകൾ ഏർപ്പെടുത്തി ഈടാക്കി തുടങ്ങിയത്; | (ബി) | ഈ ആവശ്യങ്ങൾക്കായി പെട്രോളിയം ഉല്പന്നങ്ങളിന്മേൽ യാതൊരു സെസ്സും ചുമത്തുന്നില്ല. ഹൌസിംഗ്, റോഡ് തുടങ്ങിയവയ്ക്കായി ലിറ്ററിന്മേൽ ഒരു രൂപ അധിക നികുതിയാണ് ചുമത്തുന്നത്. ഇത് 01/04/2015 മുതൽ നിലവിൽ വന്നു. |
| (സി) | സംസ്ഥാന സർക്കാർ പെട്രോൾ-ഡീസൽ വിൽപ്പനയിൽ അധികമായി ഈടാക്കുന്ന നികുതി, സെസ് എന്നീ ഇനത്തിൽ 2011-12 മുതൽ ഇന്നുവരെ ഓരോ വർഷവും അധികമായി ലഭിച്ച റവന്യൂ വരുമാനം എത്ര കോടിയാണ്; | (സി) | പെട്രോൾ-ഡീസൽ വിൽപ്പനയിൽ അധികമായി ഈടാക്കുന്ന നികുതി, സെസ് എന്നീ ഇനങ്ങൾ ഉൾപ്പെടെ, 2011-12 മുതൽ 31/10/2015 വരെ ഓരോ വർഷവും പെട്രോളിയം ഉല്പന്നങ്ങളിൽ നിന്നും ലഭിച്ച റവന്യൂ വരുമാനം ചുവടെ ചേർക്കുന്നു. |

| വർഷം | വിവിധ ഇനങ്ങളിൽ ലഭിച്ച ആകെ നികുതി |
|---|---|
| 2011-12 | 4109.24 |
| 2012-13 | 4527.67 |
| 2013-14 | 5158.64 |
| 2014-15 | 5593.07 |
| 2015-16 (31/10/2015 വരെ) | 3170.64 |

| | | | |
|---|---|---|---|
| | | | അധിക നികുതി 01/04/2015 മുതലാണ് നടപ്പിലാക്കിയത്. ഒക്ടോബർ വരെ 254.44 കോടി രൂപ ഇപ്രകാരം ലഭ്യമായിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം പിരിച്ചെടുത്ത തുക പ്രഖ്യാപിത പദ്ധതികൾക്ക് വിനിയോഗിച്ചിട്ടുണ്ടോ? | (ഡി) | സ്വന്തമായി പാർപ്പിടമില്ലാത്ത പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനായും, ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട റോഡു വികസന പ്രവർത്തങ്ങൾക്കുമായി 01/04/2015 മുതലാണ് പെട്രോൾ ഡീസൽ എന്നിവയിൽ നിന്നും ലിറ്ററിന് ഒരു രൂപ എന്ന നിരക്കിൽ അധിക വിൽപ്പന നികുതി പിരിച്ചെടുക്കാൻ തുടങ്ങിയത്. ഇപ്രകാരം പിരിച്ചെടുത്ത തുക മേൽ പ്രഖ്യാപിച്ച പദ്ധതികൾക്കായി വിനിയോഗിക്കുവാൻ തുടങ്ങിയിട്ടില്ല. ഹൗസിംഗും, പൊതുമരാമത്ത് വകുപ്പും ആവശ്യപ്പെടുന്ന മുറയ്ക്കു ധനകാര്യ വകുപ്പ് തുക അനുവദിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**